പ്രമേയം-03

# നവോത്ഥാന പൂർവ മൂല്യങ്ങളുടെ തിരിച്ചു വരവ് - കരുതിയിരിക്കുക

അതിവിപുലമായ രീതിയിലുള്ള മാനവിക നവോത്ഥാനശ്രമങ്ങളിലൂടെയാണ് ഐക്യ കേരളം സാക്ഷാത്കൃതമായത്. എന്നാൽ ഇന്ന് അതേ കേരളം, അന്ധവിശ്വാസങ്ങളുടെയും ആൾദൈവങ്ങളുടെയും ജ്യോതിഷവും വാസ്തു ശാസ്ത്രവും പോലുള്ള അസംബന്ധ-അയുക്തിക പ്രവണതകളുടെയും തടവറയും സൂപ്പർമാർക്കറ്റുമായി മാറിയിരിക്കുന്നു. പുരോഗമന ശക്തികളെയും പ്രവണതകളെയും ത്രിശങ്കുവിൽ നിർത്തത്തക്ക വിധത്തിൽ അതിശക്തമായ തരത്തിലും വിധത്തിലുമാണ് ഈ പിന്തിരിപ്പൻ കേന്ദ്രങ്ങളും പ്രത്യയശാസ്ത്രങ്ങളും കേരളത്തെ പുക കൊണ്ട് മൂടിയിരിക്കുന്നത്. കേവല യുക്തിവാദം കൊണ്ട് ഈ പുകമറയെ മറികടക്കാമെന്ന കപട ശുഭാപ്തി വിശ്വാസംങ്ങൾ വെച്ചു പുലർത്തുന്നില്ല. എന്നാൽ, ശാസ്ത്ര ചിന്തയുടെയും പുരോഗമനോന്മുഖതയുടെയും ആഴങ്ങളെയും വൈപുല്യങ്ങളെയും നിരാകരിക്കാനും കുടിലശക്തികൾക്ക് ജനങ്ങളുടെ പൊതു-വൈയക്തിക വികാര-വിചാരങ്ങളെ മുഴുവനായി കീഴ്പ്പെടുത്താനുമുള്ള പ്രവണതകളാണ് ഇന്ന് ശക്തമായതെന്ന യാഥാർത്ഥ്യത്തെ നാം അഭിമുഖീകരിക്കേണ്ടതുമുണ്ട്. ചരിത്രബോധത്തിലൂന്നിയതും ആത്മാർത്ഥവുമായ പ്രചാരണ-പ്രവർത്തനങ്ങളിലൂടെ അന്ധവിശ്വാസങ്ങളുടെയും ആൾദൈവങ്ങളുടെയും ഭൂത-പ്രേത ബാധയെ കേരള സമൂഹത്തിൽ നിന്ന് ഉച്ചാടനം ചെയ്തു പുറത്താക്കാൻ പുരോഗമന കലാസാഹിത്യ സംഘം പ്രതിജ്ഞാബദ്ധമാണെന്ന് ഈ സമ്മേളനം വിലയിരുത്തുന്നു.